بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 23.08.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

23.08.2019ന് മുബാറക്ക് മോസ്ക്, ഇസ്‌ലാമാബാദ്, യു.കെയിൽ

നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

## നബി(സ)തിരുമേനിയുടെ മഹോന്നതരായ ബദരീ സ്വഹാബികളുടെ സ്തുത്യർഹമായ സവിശേഷ ഗുണങ്ങളുടെ വിശ്വാസദീപ്തമായ വിവരണങ്ങൾ.

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَ اَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ۔ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ۔

اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ۔ اَلرَّحْمٰنِ الرَّحِیْمِ۔ مٰلِکِ یَوْمِ الدِّیْنِ۔ اِیَّاکَ نَعْبُدُ وَ اِیَّاکَ نَسْتَعِیْنُ۔

اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ۔ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ۔ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ۔

തശഹ്ഹുദും തഅവ്വുദും സൂറാ ഫാത്തിഹയും ഓതിക്കൊണ്ട് ഹുസൂർ പറഞ്ഞു;

ഇന്നു ഞാൻ വിവരിക്കുവാൻ പോകുന്ന ഒരു ബദരീ സ്വഹാബിയുടെ പേരാണ് ഹദ്റത്ത് ആസിം ബിൻ അദ്ദീ(റ). ഹദ്റത്ത് മഅൻ ബിൻ അദ്ദിയുടെ സഹോദരനായിരുന്നു അദ്ദേഹം. ഇടത്തരം പൊക്കമുള്ളയാളായിരുന്നു അദ്ദേഹം. മുടിയിൽ മൈലാഞ്ചിയിടുമായിരുന്നു. നബി(സ)തിരുമേനി ബദറിലേക്കു പുറപ്പെടുമ്പോൾ ഹദ്റത്ത് ആസിം ബിൻ അദ്ദിയെ ഖബായുടെയും മദീനയുടെ ഉയർന്ന പ്രദേശമായ ആലിയയുടെയും അമീർ ആയി നിശ്ചയിക്കുകയുണ്ടായി. ഒരു നിവേദനത്തിൽ വരുന്നത് റൗഹാ എന്ന സ്ഥലത്തു നിന്നും നബി(സ)തിരുമേനി അദ്ദേഹത്തെ മദീനയുടെ ഉയർന്ന പ്രദേശമായ ആലിയയുടെ അമീർ ആയി നിശ്ചയിച്ചുകൊണ്ട് തിരിച്ചയക്കുകയാണുണ്ടായത്. എങ്കിലും അദ്ദേഹത്തെ ബദരീ സ്വഹാബാക്കളിൽ ഉൾപ്പെടുത്തുകയും യുദ്ധമുതലിൽ നിന്നും പങ്കു നിശ്ചയിക്കുകയും ചെയ്തു.

ഹദ്റത്ത് ആസിം ഉഹദ്,ഖന്ദഖ് ഉൾപ്പെടെയുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് അമീർ മുആവിയയുടെ ഭരണകാലത്ത് 45 ഹിജ്‌രിയിൽ വഫാത്തായി. അപ്പോൾ അദ്ദേഹത്തിന് 115 വയസ്സായിരുന്നു. ചിലരുടെ അഭിപ്രായത്തിൽ 120 വയസ്സിലാണ് അദ്ദേഹം വഫാത്തായത്.

നബി(സ)തിരുമേനി സ്വഹാബാക്കളോട് തബൂക്ക് യുദ്ധത്തിനായി തയ്യാറാകാൻ കല്പിച്ചപ്പോൾ ധനികരായിട്ടുള്ളവരോട് സമ്പത്തും യാത്രാമൃഗങ്ങളും സംഘടിപ്പിക്കുവാനും മറ്റുള്ളവരോട് അവരുടെ അവസ്ഥയനുസരിച്ച് ത്യാഗം ചെയ്യുവാനും പറയുകയുണ്ടായി. ഹദ്റത്ത് അബൂബക്കർ(റ) വീട്ടിലെ മുഴുവൻ സമ്പാദ്യവും കൊണ്ടുവന്നു അത് നാലായിരം ദിർഹം ഉണ്ടായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്കർ(റ)നോടു ചോദിച്ചു; വീട്ടിലുള്ളവർക്കായി വല്ലതും ബാക്കിവച്ചിട്ടുണ്ടോ? അദ്ദേഹം പറഞ്ഞു; വീട്ടിലേക്കായി അല്ലാഹുവിനെയും അവന്റെ റസൂലിനെയും ബാക്കി വച്ചാണ് വന്നിരിക്കുന്നത്. ഹദ്റത്ത് ഉമർ പകുതി ധനം കൊണ്ടുവന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഉമർ(റ)വിനോടു ചോദിച്ചു; വീട്ടിലുള്ളവർക്കായി വല്ലതും ബാക്കി വച്ചിട്ടുണ്ടോ. പകുതി ധനം ബാക്കിവച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഔഫ് നൂറു ഔഖിയ നൽകുകയുണ്ടായി. നാല്പത് ദിർഹമാണ് ഒരു ഔഖിയ. നബി(സ)തിരുമേനി പറഞ്ഞു; ഹദ്റത്ത് ഉസ്മാനുബ്നു അഫ്ഫാനും അബ്ദുർറഹ്മാനുബ്നു ഔഫും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കപ്പെടുന്ന ഭൂമിയിലെ ഖജനാവുകളാകുന്നു. സ്ത്രീകളും തങ്ങളുടെ ആഭരണങ്ങൾ സമർപ്പിച്ചു. ഹദ്റത്ത് ആസിം ബിൻ അദ്ദിയെക്കുറിച്ചാണ് ഇപ്പോൾ വിവരിച്ചുകൊണ്ടിരിക്കുന്നത് അദ്ദേഹം എഴുപത് വസ്ഖ് ഈന്തപ്പഴം നൽകുകയുണ്ടായി. ഒരു വസ്ഖ് എന്നത് അറുപത് സാഅ് ആണ്. ഒരു സാഅ് എന്നത് ഏകദേശം രണ്ടര സേർ ആകുന്നു. അങ്ങനെ മൊത്തം ഈന്തപ്പഴത്തിന്റെ തൂക്കം 262 മൻ ആകുന്നു. നാല്പത് കിലോ ആണ് ഒരു മൻ. ചുരുക്കത്തിൽ ഹദ്റത്ത് ആസിമും ഈ അവസരത്തിൽ വലിയ തോതിൽ ഈന്തപ്പഴം നൽകുകയുണ്ടായി.

നബി(സ)തിരുമേനി മസ്ജിദ് ളിറാർ തകർക്കുവാൻ കല്പന നൽകപ്പെട്ട സ്വഹാബാക്കളിൽ ഉൾപ്പെട്ടിരുന്നു. മസ്ജിദ് ളിറാറിലേക്കു പോയി അത് തകർത്ത് അഗ്നിക്കിരയാക്കാനും നബി(സ)തിരുമേനി നിർദ്ദേശം നൽകിയിരുന്നു. പള്ളി പൊളിച്ച് അഗ്നിക്കിരയാക്കുമ്പോൾ ആ പള്ളി നിർമ്മിച്ചവരും അവിടെയുണ്ടായിരുന്നുവെങ്കിലും തീ കത്തിയപ്പോൾ പലഭാഗത്തേക്കുമായി അവർ ഓടിപ്പോയി. ആ പള്ളിയുടെ സ്ഥലം നബി(സ)തിരുമേനി ആസിംബിൻ അദ്ദിക്ക് വീടു നിർമ്മിക്കുന്നതിനായി നൽകാൻ തീരുമാനിച്ചു. അദ്ദേഹം പറഞ്ഞു എനിക്കു വീടുണ്ട് മാത്രമല്ല എനിക്ക് വൈമനസ്യം തോന്നുന്നു. അത് സാബിത് ബിൻ അക്രമിനു നൽകുകയാണെങ്കിൽ നന്നായിരിക്കും അദ്ദേഹത്തിനു വീടില്ല അവിടെ അദ്ദേഹം വീടുണ്ടാക്കട്ടെ. അങ്ങിനെ നബി(സ)തിരുമേനി ആ സ്ഥലം സാബിത് ബിൻ അക്രമിനു നൽകി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ ഡൽഹിയിലേക്കുള്ള യാത്രയിൽ ഡൽഹിയിലെ ജാമിഅ മസ്ജിദ് കണ്ടപ്പോൾ പറയുകയുണ്ടായി; വളരെ മനോഹരമായ പള്ളി. എന്നാൽ പള്ളികളുടെ സൗന്ദര്യം അതിന്റെ കെട്ടിടവുമായിട്ടല്ല ബന്ധപ്പെട്ടിരിക്കുന്നത്, മറിച്ച് ആത്മാർത്ഥരായി അതിൽ നമസ്കരിക്കുവാൻ വരുന്നവരുമായിട്ടാണ്. നബി(സ) തിരുമേനിയുടെ കാലത്ത് ഭൗതീകരും ഒരു പള്ളിയുണ്ടാ

ക്കിയിരുന്നു. അത് അല്ലാഹുവിന്റെ കല്പനയാൽ തകർക്കപ്പെട്ടു. പള്ളികൾ തഖ്‌വയുടെ ലക്ഷ്യത്തോടെയായിരിക്കണം നിർമ്മിക്കപ്പെടേണ്ടത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ലിമൻ ഹാരിബല്ലാഹു എന്നതിനെ വിശദീകരിച്ചുകൊണ്ടു പറയുന്നു; ഇത് അബൂ ആമിറിനെക്കുറിച്ചാണു പറയുന്നത് അയാൾ ഒരു കൃസ്ത്യാനിയായിരുന്നു. നബി(സ)തിരുമേനി ആ പള്ളിയിൽ വന്ന് നമസ്കരിക്കണമെന്നും അങ്ങിനെ കുറച്ചു മുസ്‌ലിംകളും അവിടേക്ക് വരണമെന്നും അതിലൂടെ മുസ്‌ലിംകളുടെ ജമാഅത്ത് തകർക്കണമെന്നുമുള്ളതല്ലാം അയാളുടെ തന്ത്രങ്ങളിൽപ്പെട്ടതായിരുന്നു.

അടുത്തതായി വിവരിക്കുവാൻ പോകുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് അംറ്ബിൻ ഔഫ്. മക്കയിലാണ് അദ്ദേഹം ജനിച്ചത്. ഇബ്നു സഅദിന്റെ അഭിപ്രായത്തിൽ അദ്ദേഹം യമൻകാരനാണ്. ഹദ്റത്ത് അംറ് ബിൻ ഔഫ് പഴയകാല ഇസ്‌ലാം സ്വീകരിച്ചവരിൽ ഉൾപ്പെടുന്നു. മക്കയിൽ നിന്നും മദീനയിലേക്കു ഹിജ്റത്തു ചെയ്തപ്പോൾ അദ്ദേഹം ഖുബായിൽ ഹദ്റത്ത് കുൽസൂം ബിൻ അൽഹിദമിന്റെ അടുത്താണ് താമസിച്ചത്. ഹദ്റത്ത് അംറ് ബൻ ഔഫ് ബദർ, ഉഹദ്,ഖന്ദഖ് യുദ്ധങ്ങളിലും മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തു കാലത്താണ് അദ്ദേഹം വഫാത്തായത്. ഹദ്റത്ത് ഉമർ(റ)അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു.

അടുത്ത സ്വഹാബിയുടെ പേരാണ് ഹദ്റത്ത് മഅൻ ബിൻ അദ്ദി. അൻസ്വാർ ഗോത്രമായ ബനൂഅംറ് ബിൻ ഔഫിന്റെ സഖ്യകക്ഷികളിൽ പെട്ടയാളായിരുന്നു അദ്ദേഹം. ഹദ്റത്ത് മഅൻ എഴുപത് അൻസാറുകളോടൊപ്പം ബൈഅത്തെ അഖ്ബയിൽ പങ്കെടുത്തു. ഇസ്‌ലാം സ്വീകരിക്കുന്നതിനു മുൻപ് അദ്ദേഹത്തിന് കയ്യെഴുത്ത് വശമായിരുന്നു. ഹദ്റത്ത് മഅൻ ബദർ,ഉഹദ്,ഖന്ദഖ് യുദ്ധങ്ങളുൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു.

ഹദ്റത്ത് ഉമർ വിവരിക്കുന്നു, നബി(സ)തിരുമേനി വഫാത്തായപ്പോൾ ഞാൻ അബൂബക്കർ(റ)നോടു പറഞ്ഞു; താങ്കൾ നമ്മോടൊപ്പം നമ്മുടെ സഹോദരങ്ങളായ അൻസ്വാറുകളുടെ അടുത്തേക്ക് വന്നാലും. അങ്ങിനെ ഞങ്ങൾ പോയി. അപ്പോൾ അവരുടെ കൂട്ടത്തിൽ നിന്നും ബദറിൽ പങ്കെടുത്തി രണ്ടു മാന്യരായ വ്യക്തികളെ കണ്ടു. ഞാനിക്കാര്യം ഉർവ്വ ബിൻ സുബൈറിനോടു പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു; അവർ ഉവൈംബിൻ സാഇദയും ഹദ്റത്ത് മഅൻ ബിൻ അദ്ദിയുമായിരുന്നു. ഈ സംഭവം വിവരിച്ചുകൊണ്ട് ഹുസൂർ പറയുന്നു;

ഹദ്റത്ത് ഇബ്നു അബ്ബാസ് വിവരിക്കുന്നു; ഒരിക്കൽ ഞാൻ അബ്ദുർറഹ്മാനുബ്നു ഔഫിന്റെ മിനായിലുള്ള വീട്ടിലായിരുന്നു. അപ്പോൾ അദ്ദേഹം ഉമറുബ്നു ഖത്വാബിന്റെ വീട്ടിൽ പോയിരിക്കുകയായിരുന്നു. അബ്ദുർറഹ്മാൻ എന്റെയടുക്കൽ തിരിച്ചെത്തിയപ്പോൾ എന്നോട് പറഞ്ഞു; ഇന്ന് അമീറുൽ മുഅ്മിനീന്റെ അടുക്കൽ വന്ന ആ വ്യക്തിയെ കാണാൻ നീയുമുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ആ വ്യക്തി പറയുകയാണ്; അല്ലയോ അമീറുൽ മുഅ്മിനീൻ, ഉമർ കാലഗതി പ്രാപിച്ചു കഴിഞ്ഞാൽ ഞാൻ ഇന്നയാൾക്ക് ബൈഅത്ത് ചെയ്യുമെന്നു പറഞ്ഞ ആളെക്കുറിച്ചുള്ള വിവരം താങ്കൾക്കുണ്ടോ. പിന്നീട് അയാൾ പറഞ്ഞു; അല്ലാഹു സത്യം അബൂബക്കറിന്റെ ബൈഅത്ത്, കോലാഹലത്തിനിടയിലാണ് നടന്നത്. ഇതുകേട്ടപ്പോൾ ഹദ്റത്ത് ഉമർ വിഷമത്തിലായി എന്നിട്ടു പറഞ്ഞു, അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ ഇന്ന് വൈകുന്നേരം ഞാൻ ജനങ്ങളുടെ ഇടയിൽ നിന്നുകൊണ്ട് സംസാരിക്കുകയും ഇത്തരം പ്രശ്നങ്ങൾ സ്വയംകയ്യിലെടുക്കാനാഗ്രഹിക്കുന്നവരെക്കുറിച്ച് ജാഗ്രതപ്പെടുത്തുകയും ചെയ്യുന്നതാണ്. പിന്നീട് ഒരു ദിവസം ഹദ്റത്ത് ഉമർ മിമ്പറിൽ കയറിയിരുന്നു. ബാങ്കിനു ശേഷം എഴുന്നേറ്റു നിന്നുകൊണ്ട് അല്ലാഹുവിനെ അർഹിക്കുന്ന വിധത്തിൽ സ്തുതിച്ചുകൊണ്ടു പറഞ്ഞു; അമ്മാ ബഅദ്, ഞാൻ തന്നെ പറയേണ്ടിയിരുന്ന ഒരു കാര്യം ഞാൻ നിങ്ങളോടു പറയുകയാണ്. അതിനുശേഷം ഹദ്റത്ത് ഉമർ പറഞ്ഞു, ഹദ്റത്ത് അബൂബക്കർ(റ)വിന് ഖിലാഫത്ത് വെറുതെ കിട്ടിയതാണെന്ന് നിങ്ങളിലാരോ പറയുന്നതായി എനിക്കറിയാൻ സാധിച്ചു. എന്നെക്കുറിച്ചും പറഞ്ഞിരിക്കുന്നു അതായത് അല്ലഹുവാണെ സത്യം ഉമർ മരിച്ചുപോകുകയാണെങ്കിൽ ഞാൻ ഇന്ന വ്യക്തിക്കു ബൈഅത്തു ചെയ്യുന്നതാണ് എന്ന് . അതുകൊണ്ട് ആരും ആ വഞ്ചനയിൽപ്പെട്ടുകൊണ്ട് അങ്ങനെപറയരുത്.

ഹുസൂർ പറയുന്നു; ഇവിടെ ഞാനിക്കാര്യം വ്യക്തമാക്കാം അതായത് അദ്ദേഹം പറഞ്ഞതിതാണ്; ആരും ആ ചതിയിൽ അകപ്പെട്ടുകൊണ്ട് അബൂബക്കർ(റ)ന്റെ ബൈഅത്ത് കോലാഹലത്തിനിടയിൽ തെറ്റായ രീതിയിൽ നടന്നതാണെന്ന് പറയരുത്. കേട്ടുകൊള്ളുക ആ ബൈഅത്ത് അങ്ങിനെയൊരവസ്ഥയിലാണ് നടന്നതെങ്കിലും ആ കോലാഹലത്തിനിടയിൽ നടന്ന ബൈഅത്തിന്റെ ദൂഷ്യഫലത്തിൽ നിന്നും അല്ലാഹു സംരക്ഷിച്ചിരിക്കുന്നു. അബൂബക്കറിനു തുല്യനായി ആരും നിങ്ങളിലില്ല. പിന്നീടദ്ദേഹം പറഞ്ഞത് മുസ്‌ലിംകളുടെ കൂടിയാലോചനയില്ലാതെ ആരാണോ ആർക്കെങ്കിലും ബൈഅത്തു ചെയ്യുന്നത് നിങ്ങൾ ആ വ്യക്തിക്ക് ബൈഅത്ത് ചെയ്യരുത്. അത്തരത്തിൽ ബൈഅത്ത് ചെയ്ത ആൾക്കും ബൈഅത്തു ചെയ്യരുത്. ഹദ്റത്ത് ഉമർ(റ) വിവരിക്കുന്നു, നബി(സ)തിരുമേനി വഫാത്തായപ്പോൾ അൻസ്വാറുകൾ ഞങ്ങൾക്കെതിരായി. ഞങ്ങൾ സഖീഫ ബനൂ സാഇദയിൽ സമ്മേളിച്ച് അബൂബക്കറിന്റെ അടുക്കൽ പോയി. അബൂബക്കറിനോടു പറഞ്ഞു; അബൂബക്കർ വന്നാലും നമുക്ക് നമ്മുടെ അൻസ്വാർ സഹോദരങ്ങളുടെ അടുക്കൽ പോകാം. അങ്ങനെ അവരുടെ അടുത്തെത്തിയപ്പോൾ മാന്യൻമാരായ രണ്ടാളുകളെ ഞങ്ങൾ കണ്ടു. അതിലൊരാൾ ഹദ്റത്ത് മഅൻ ബിൻ അദ്ദി ആയിരുന്നു. അദ്ദേഹം പറഞ്ഞു അല്ലയോ മുഹാജിറുകളുടെ സംഘമേ നിങ്ങൾക്ക് എവിടേക്കാണു പോകേണ്ടത്. ഞങ്ങൾ പറഞ്ഞു; ഞങ്ങൾക്ക് അൻസ്വാർ സഹോദരങ്ങളെ കാണണം. അപ്പോൾ അവർ പറഞ്ഞു; അവിടേക്ക് ഒരിക്കലും പോകരുത്. എന്ത് തീരുമാനമെടുക്കുകയാണെങ്കിലും നിങ്ങൾ സ്വയമെടുക്കുക. ഹദ്റത്ത് ഉമർ പറയുന്നു; അല്ലാ

ഹുവാണു സത്യം ഞങ്ങൾ തീർച്ചയായും അവരുടയടുക്കൽ പോകുന്നതാണെന്നു പറഞ്ഞുകൊണ്ട് ഞങ്ങൾ പുറപ്പെട്ടു. ഞങ്ങൾ ബനൂ സാഇദയുടെ കുടയിൽ അവരുടെയടുത്തെത്തി. അവിടെവച്ച് അൻസ്വാറുകളും ഹദ്റത്ത് അബൂബക്കറും ഉമറുമായി ഖിലാഫത്തിന്റെ തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നീണ്ട വാഗ്വാദം നടന്നു. ഇതുസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നൽകിയ വിശദീകരണം ഞാൻ വിവരിക്കാം. റസൂലുല്ലാഹി(സ)തിരുമേനിയുടെ വഫാത്തിനു ശേഷം സ്വഹാബാക്കൾ മൂന്നു വിഭാഗങ്ങളായി പിരിഞ്ഞു. അതിൽ ഒരു വിഭാഗം പറഞ്ഞു; നബി(സ)യുടെ ഇച്ഛകൾ അദ്ദേഹത്തിന്റെ കുടുംബത്തിൽപ്പെട്ടവർക്കേ നന്നായിട്ടറിയൂ അതുകൊണ്ട് നബി(സ)തിരുമേനിയുടെ കുടുംബത്തിലെ ആരെയെങ്കിലും നിശ്ചയിക്കേണ്ടതാണ്.

എന്നാൽ മറ്റൊരു വിഭാഗം ചിന്തിച്ചത് അതിനായി നബി(സ)തിരുമേനിയുടെ കുടുംബത്തിൽപ്പെട്ടവരാകണമെന്ന് ഒരു നിബന്ധനയുമില്ല. നബിതിരുമേനിയുടെ ഒരു പ്രതിനിധിയെ നിശ്ചയിക്കണമെന്നതാണ് ഉദ്ദേശ്യം. ആ രണ്ടു വിഭാഗങ്ങളിൽനിന്നും പിന്നീട് വിഘടിച്ച് വേറെ രണ്ടു വിഭാഗങ്ങളുണ്ടായി. ഒരു വിഭാഗം ചിന്തിച്ചത് നബിതിരുമേനിയിൽ നിന്നും ഏറ്റവും കൂടുതൽ കാലം ശിക്ഷണം ലഭിച്ചവരാണ് അതിനർഹർ. അതായത് മുഹാജിറുകൾ. അതിൽ നിന്നും ഖുറൈഷികൾ. അവരുടെ കാര്യങ്ങൾ അറബികൾ അംഗീകരിക്കാൻ തയ്യാറാകും. ചിലർ ചിന്തിച്ചു നബി(സ)തിരുമേനിയുടെ വഫാത്തായത് മദീനയിലാണ്. മദീനയിൽ അൻസ്വാറുകൾക്കാണ് കൂടുതൽ ശക്തിയുള്ളത് അവർക്കായിരിക്കും ഈ ജോലി നല്ല നിലയിൽ മുന്നോട്ടു കൊണ്ടു പോകാൻ സാധിക്കുക. അദ്ദേഹം (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)) എഴുതുന്നു, ഈ അഭിപ്രായ ഭിന്നിപ്പിനെക്കുറിച്ച് മറ്റുള്ളവർ ചിന്തിക്കുന്നേയുണ്ടായിരുന്നുള്ളൂ ഒരു തീരുമാനത്തിലേക്കെത്തിയിട്ടുണ്ടായിരുന്നില്ല. അതിനു മുൻപായി ഏറ്റവും അവസാമം ഉണ്ടായ അൻസ്വാറുകളുടെ വിഭാഗം ബനൂ സാഅദയുടെ വരാന്തയിൽ സമ്മേളിച്ച് കൂടിയാലോചിക്കാൻ തുടങ്ങി. അങ്ങിനെ ഖദ്റജിന്റെ നേതാവായിരുന്ന സഅദുബിൻ ഉബാദയെ ഖലീഫയായി നിശ്ചയിക്കാൻ താല്പരരായി. ഈ കൂടിയാലോചനയെക്കുറിച്ച് മുഹാജിറുകൾക്ക് വിവരം ലഭിച്ചപ്പോൾ അവർ ഉടനെതന്നെ അവിടെയെത്തിച്ചേർന്നു കാരണം അഥവാ മുഹാജിറുകളിൽനിന്നാരെങ്കിലും ഖലീഫയായില്ലായെങ്കിൽ അറബികൾ അതംഗീകരിക്കുകയില്ല. ഇത് അൻസ്വാറുകളുടെ മാത്രം കാര്യമല്ല മറിച്ച് മുഴുവൻ അറേബ്യയുടെയും കാര്യമാണ്. ഹദ്റത്ത് ഉമർ(റ)പറയുന്നു; ആ അവസരത്തിൽ ഞാനൊരു വലിയ വിഷയം മനസ്സിൽ കരുതിയിട്ടുണ്ടായിരുന്നു. അവിടെ എത്തിയ ഉടനെ ഒരു പ്രസംഗം നടത്തുകയും അതുകേട്ട് അൻസ്വാറുകളെല്ലാം എന്റെ തെളിവുകളോട് യോജിക്കുന്നതുമാണ്. എന്നാൽ ഞങ്ങളവിടെ എത്തിയപ്പോൾ ഹദ്റത്ത് അബൂബക്കർ പ്രസംഗത്തിനായി നിന്നു. അല്ലാഹുവാണെ സത്യം ഞാൻ ആലോചിച്ചിരുന്ന എല്ലാ കാര്യങ്ങളും അദ്ദേഹം വിവരിച്ചു. അതു കൂടാതെ അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും കൂടുതൽ തെളിവുകൾ നൽകുകയുണ്ടായി. അപ്പോൾ ഞാൻ മനസ്സിലാക്കി അബൂബക്കറിനോട് മത്സരിക്കാൻ എനിക്കാവില്ല. ഹദ്റത്ത് അബൂബക്കർ ഈ ഹദീസും സമർപ്പിച്ചു- അൽ അയിമ്മത്തു മിൻ ഖുറൈഷ്. ഹുബാബ് ബിൻ മുൻദിർ ഖദ്രജി അതിനെ എതിർത്തുകൊണ്ടു പറഞ്ഞു മുഹാജിറുകളിൽ നിന്നും ഒരാളെ ഖലീഫയാക്കുന്ന കാര്യം ഞങ്ങൾക്ക് അംഗീകരിക്കുവാൻ കഴിയില്ല. ഇനി അങ്ങിനെതന്നെ വേണമെന്ന വാശിയാണെങ്കിൽ നിങ്ങളിൽ നിന്നും ഞങ്ങളിൽ നിന്നും ഓരോ അമീർ വീതം ഉണ്ടാകട്ടെ. ഹദ്റത്ത് ഉമർ പറഞ്ഞു, സൂക്ഷിച്ചു സംസാരിക്കുക. ഒരേ സമയത്ത് രണ്ടു അമീർ ഉണ്ടായിരിക്കുക എന്നത് അനുവദനീയമല്ല എന്ന് നബി(സ)തിരുമേനി പറഞ്ഞിട്ടുള്ളത് താങ്കൾക്കറിയില്ലേ.

ഹുസൂർ പറയുന്നു, പിന്നീട് അല്പനേരത്തെ വാഗ്വാദങ്ങൾക്കു ശേഷം അബൂ ഉബൈദ എഴുന്നേറ്റു നിന്നു. അദ്ദേഹം അൻസ്വാറുകളുടെ ശ്രദ്ധതിരിച്ചുകൊണ്ടു പറഞ്ഞു, മക്കയ്ക്കു വെളിയിൽ വെച്ച് ഏറ്റവും ആദ്യം വിശ്വസിച്ച കൂട്ടരാകുന്നു നിങ്ങൾ. ഇനി നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ദീനിന്റെ ഉദ്ദേശ്യം ഏറ്റവും ആദ്യം തെറ്റിച്ചവരായി നിങ്ങൾ മാററുത്. ഇത് അവരുടെ സ്വഭാവത്തിൽ എത്രത്തോളം സ്വാധീനം ചെലുത്തിയെന്നാൽ, പറയപ്പെടുന്നത് ബഷീറുബ്നു ഖദ്റജി എഴുന്നേറ്റു നിന്ന് തന്റെ സമുദായത്തോട് പറയുകയുണ്ടായി; ഇവർ സത്യമാണ് പറയുന്നത് നാം നബി(സ)തിരുമേനിയെ സേവിച്ചതും പിന്തുണച്ചതും സഹായിച്ചതുമെല്ലാം ഭൗതീകമായ ഉദ്ദേശ്യങ്ങൾ വച്ചുകൊണ്ടായിരുന്നില്ല. അദ്ദേഹത്തിനു ശേഷം ഭരണം ലഭിക്കണമെന്ന് ഉദ്ദേശ്യത്തോടെയുമായിരുന്നില്ല. മറിച്ച് അല്ലാഹുവിനുവേണ്ടിയായിരുന്നു. പിന്നീട് കുറച്ചു നേരത്തേക്ക് മറ്റു ചില തർക്കങ്ങൾ നടന്നുവെങ്കിലും അല്പ സമയത്തിനു ശേഷം ജനങ്ങളുടെ അഭിപ്രായം മുഹാജിറുകളിൽ നിന്നുള്ള ഒരാളെ ഖലീഫയായി നിശ്ചയിക്കമെന്നതായി. ആയതിനാൽ ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് ഉമറിനെയും ഹദ്റത്ത് അബൂഉബൈദയെയും തൽസ്ഥാനത്തേക്കായി നിർദ്ദേശിച്ചു. എന്നാൽ രണ്ടുപേരും അത് നിഷേധിച്ചു. അവർ പറഞ്ഞു, റസൂൽകരീം(സ)തിരുമേനി തങ്ങളുടെ രോഗസമയത്ത് നമസ്ക്കാരത്തിന് ഇമാമായി നിശ്ചയിച്ചിരുന്ന, മുഹാജിറുകളിൽ നിന്നും ഉത്തമനായ ആ വ്യക്തിയിൽ ഞങ്ങൾ ബൈഅത്ത് ചെയ്യാം.

അങ്ങിനെ ഹദ്റത്ത് അബൂബക്കറിന്റെ കയ്യിൽ ബൈഅത്തു ചെയ്യാൻ തുടങ്ങി ഏറ്റവുമാദ്യം ഹദ്റത്ത് ഉമറും അതിനുശേഷം ഹദ്റത്ത് അബൂ ഉബൈദയും ബൈഅത്ത് ചെയ്തു തുടർന്ന് ബഷീർ ബിൻ സഅദ് ഖദ്രജി ബൈഅത്തു ചെയ്തു. അതിനു ശേഷം സഅദും അലിയും അല്ലാത്ത ഔസിലേയും ഖദ്രജിലെയും ആളുകളെല്ലാം ബൈഅത്തു ചെയ്തു. ഹദ്റത്ത് അലി കുറച്ചു ദിവസങ്ങൾക്കു ശേഷം ബൈഅത്തു ചെയ്തു. ചില നിവേദനങ്ങളിൽ മൂന്നു ദിവസമെന്നും ചിലതിൽ ആറുമാസമെന്നും കാണുന്നു. ആറുമാസം എന്നു പരാമർശമുള്ള നിവേദനത്തിൽ വിവരിക്കപ്പെടുന്ന ഒരു കാര്യം കൂടിയുണ്ട്, അതായത് ഹദ്റത്ത് ഫാത്തിമയെ ശുശ്രൂഷിക്കുന്നതിൽ മുഴുകിയതിനാലാണ് അദ്ദേഹത്തിന് അബൂബക്കറിന്റെ കയ്യിൽ ബൈഅത്തു ചെയ്യാൻ

സാധിക്കാതിരുന്നത്. പിന്നീട് ബൈഅത്തു ചെയ്യാനായി വന്നപ്പോൾ ഈ ഉപേക്ഷ പറയുകയും ചെയ്തു. അതായത് ഫാത്തിമ രോഗിയായിരുന്നു അതു കാരമണത്താലാണ് വൈകിയത്.

ഹദ്റത്ത് ഉർവ ബിൻ സുബൈർ വിവരിക്കുന്നു. നബി(സ) തിരുമേനി വഫാത്തായപ്പോൾ ആളുകൾ കരയുകയായിരുന്നു നബി(സ)തിരുമേനിക്കു മുമ്പേ ഞങ്ങൾ മരിച്ചു പോയിരുന്നെങ്കിൽ എന്നവർ പറയുന്നുണ്ടായിരുന്നു. തിരുമേനിക്കു ശേഷം ഫിത്നയിൽ അകപ്പെട്ട പോകുമോ എന്ന ആശങ്കയായിരുന്നു. അപ്പോൾ ഹദ്റത്ത് മഅൻ പറഞ്ഞു; അല്ലാഹു സാക്ഷി ഞാനോരിക്കലും നബിതിരുമേനിക്കു മുൻപ് മരിച്ചു പോകണമെന്ന് ആഗ്രഹിക്കുകയില്ല. കാരണമെന്താണ്? നബി(സ)തിരുമേനിയുടെ ജീവിതകാലത്ത് അദ്ദേഹത്തെ സാക്ഷെപ്പെടുത്തിയിരുന്നതുപോലെ തിരുമേനിയുടെ വഫാത്തിനുശേഷവും സാക്ഷിയാകണം. നബി(സ)തിരുമേനിയുടെ പ്രവചനപ്രകാരമുള്ള ഖിലാഫത്തെ റാഷിദ നടപ്പിലായിരിക്കുന്നുവെന്നതിനും അതുതന്നെ തുടരുന്നതാണെന്നതിനും, കപടവിശ്വാസികളുടെയും മതപരിത്യഗികളുടെയും വലയിൽ വീഴുകയില്ല എന്നതിനും എനിക്ക് സാക്ഷിയാകണം.

ഹുസൂർ പറയുന്നു; വിശ്വാസത്തിന്റെ ഈയൊരു നിലവാരമാണ്. ഓരോ അഹ്മദിയും തങ്ങളുടെയുള്ളിൽ ഉണ്ടാക്കേണ്ടത്. ഒരു നിവേദനമനുസരിച്ച് മതപരിത്യാഗികളെയും കലാപകാരികളെയും ഇല്ലായ്മ ചെയ്യുന്നിൽ ഹദ്റത്ത് ഖാലിദ് ബിനു വലീദിനോടൊപ്പം ഹദ്റത്ത് മഅനും ഉണ്ടായിരുന്നു. ഹദ്റത്ത് ഖാലിദുബ്നു വലീദ്, ഹദ്റത്ത് മഅനെ ഇരുനൂറു കുതിരപ്പടയാളികളോടൊപ്പം യമാമയിലേക്ക് സൈന്യത്തലവാനാക്കി അയച്ചിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് മഅനും ഹദ്റത്ത് സൈയ്ദുബിൻ ഖത്വാബുമായി സാഹോദര്യബന്ധമുണ്ടാക്കിയിരുന്നു. ഈ രണ്ടു സഹാബികളും ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഹിജിരി 12 ന് യമാമാ യുദ്ധത്തിൽ ശഹീദായി.

അല്ലാഹു ഓരോ അഹ്മദിക്കും നുബുവ്വത്തിന്റെ സ്ഥാനത്തെ മനസ്സിലാക്കുവാനും ഖിലാഫത്തിനോട് കൂറോടും ആത്മാർത്ഥതയോടുംകൂടിയ ബന്ധം സ്ഥാപിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. (ആമീൻ).

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ
عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ
یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَ اللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی
عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Mubarak Mosque,Islamabad,Tillford,UK– on 23.08.2019
Malayalam Translation : **Mou.Najmuddin** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516